## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 841 04/03/2020-ലെ മറുപടിക്ക്**

## <u>തൊണ്ടാർ ജലസേചന പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ.ആർ.കേളു | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ)മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തൊണ്ടാർ ജലസേചന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം കബനി ബേസിനിൽ അനുവദിക്കപ്പെട്ട 21 TMC ജലത്തിൽ 11 TMC ജലം ഉപയോഗപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ഏഴ് ജലസേചന പദ്ധതികളിൽ 0.30 TMC ജലം സംഭരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് തൊണ്ടാർ ജലസേചന പദ്ധതി. മാനന്തവാടി നിയമസഭാ മണ്ഡലത്തിൽ എടവക പഞ്ചായത്തിൽ മൂളിത്തോടിന് കുറുകെ വലിയ കുന്ന്, മടത്തിൽ കുന്ന് എന്നീ കുന്നുകൾക്കിടയിൽ 200 മീറ്റർ നീളത്തിലും 11.50 മീറ്റർ ഉയരത്തിലും കോൺക്രീറ്റ്/മണ്ണണ കെട്ടി അതു വഴി 1411 ഹെക്ടർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കും കുടിവെള്ളാവശ്യത്തിനും ജലമെത്തിക്കാനാണ് പ്രസ്തുത പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| ബി) ഈ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബി) 1411 ഹെക്ടർ സ്ഥലത്ത് ജലസേചനം , കുടിവെള്ളം എന്നിവ ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് പ്രാഥമികമായി ലക്ഷ്യമിടുന്നത്. എന്നാൽ ഇതു കൂടാതെ ഇതിന്റെ ഗുണഫലമായി പ്രദേശത്ത് ഭൂജലവിതാനത്തിൽ വർദ്ധനവുണ്ടാകാനും, മത്സ്യകൃഷി, ടൂറിസം എന്നീ മേഖലകളിൽ തൊഴിൽ സാധ്യതകളും കാർഷിക വിളകളിലുണ്ടാവുന്ന വർദ്ധനവ് വഴി കൃഷിക്കാർക്കുണ്ടാവുന്ന വരുമാന വർദ്ധനവും ഈ പദ്ധതി നടപ്പാക്കുന്നതു കൊണ്ടുണ്ടാകുന്ന നേട്ടങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**